പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5553 — 1.7.2019 -ൽ മറുപടിയ്ക്ക്

കെ ടി ഡി സി യുടെ നവീകരണം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കെ.ടി.ഡി.സി. സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിനും ടൂറിസം രംഗത്ത് തനത് മുദ്ര പതിപ്പിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | കെ.ടി.ഡി.സി. സ്വകാര്യ മേഖലയുമായി മത്സരിക്കണമെങ്കിൽ മിക്കവാറും യൂണിറ്റുകളും നവീകരിക്കേണ്ടതായിട്ടുണ്ട്. അതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചു കഴിഞ്ഞു.<br>1. ഹോട്ടലുകൾ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുക<br>2. ബിയർ പാർലറുകളും മോട്ടലുകളും ബ്രാന്റ് ചെയ്യൽ<br>3. ബോട്ടുകൾ നവീകരിക്കൽ<br>4. പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കൽ<br><br>കെ.ടി.ഡി.സി.യെ സ്വകാര്യ മേഖലയുമായി മത്സരാധിഷ്ഠിതമാക്കുവാൻ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം ആവശ്യമാണ്. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. |
| ബി) | മാറുന്ന കാലത്തിനും ടൂറിസ്റ്റുകളുടെ അഭിരുചിക്കും അനുസൃതമായി മാറുന്നതിന് കെ.ടി.ഡി.സിക്ക് സാധിക്കുന്നില്ല എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ ഇടപെടൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കാമോ; | ബി) | ഉണ്ട്. കെ.ടി.ഡി.സിയിൽ പ്രൊഫഷണലിസം എല്ലാ മേഖലകളിലും കൊണ്ടുവരാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കെ.ടി.ഡി.സി.യിലെ ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുന്നതിനും ബിയർ പാർലറുകളും മോട്ടലുകളും ബ്രാന്റ് ചെയ്യുന്നതിനും ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കുന്നതിനും സാമൂഹ്യ മാധ്യമങ്ങളെ കെ.ടി.ഡി.സിയുടെ പ്രചരണത്തിനായി ഉചിതമായി രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | കെ.ടി.ഡി.സി.യെ പൂർണ്ണമായും നവീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; | സി) | കേരളത്തിന്റെ ടൂറിസം രംഗത്ത് മികച്ച സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനായി വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിനുവേണ്ടി ചാനൽ മാനേജർ സോഫ്റ്റ് വെയർ സൗകര്യം കെ.ടി.ഡി.സിയുടെ മിക്കവാറും ഹോട്ടലുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു.<br>2. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കാനും മികച്ച നിരക്കിൽ കെ.ടി.ഡി.സി. ഹോട്ടൽ മുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.<br>3. കെ.ടി.ഡി.സി. വെബ് സൈറ്റ് വിപുലമായി നവീകരിക്കും.<br>4. സാമൂഹിക മാധ്യമങ്ങളെ കെ.ടി.ഡി.സിയുടെ പ്രചരണത്തിനായി ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കും.<br>5. കെ.ടി.ഡി.സി.യുടെ വിവിധ ഹോട്ടൽ/റിസോർട്ടുകൾ അനുയോജ്യമായ രീതിയിൽ നവീകരിക്കുവാൻ പദ്ധതിയുണ്ട്.<br>6. മികച്ച സേവനം നൽകുന്നതിനായി ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തും. ആവശ്യമെങ്കിൽ കെ.ടി.ഡി.സി പ്രമോഷൻ പോളിസിയിൽ മാറ്റങ്ങൾ വരുത്തുന്നതുമാണ്.<br>7. ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും ഊർജ്ജസ്വലത വർദ്ധിപ്പിക്കുന്നതിനുമായി വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കും. |

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ നിലവിൽവന്നശേഷം കെ.ടി.ഡി.സി.യിൽ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; അതിലൂടെ കെ.ടി.ഡി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഡി) | ഈ സർക്കാർ നിലവിൽവന്നശേഷം കെ.ടി.ഡി.സി.യുടെ വിവിധ യൂണിറ്റുകൾ നവീകരിച്ചിട്ടുണ്ട്. തേക്കടിയിലെ ആരണ്യ നിവാസ്, പെരിയാർ ഹൗസ്, തമ്പാനൂരിലെ ചൈത്രം, മാസ്കറ്റ് ഹോട്ടൽ തുടങ്ങി വിവിധ യൂണിറ്റുകൾ നവീകരിച്ചു കഴിഞ്ഞു. കുമരകത്തെ വാട്ടർ സ്കേപ്സ് വിപുലമായി നവീകരിച്ചു വരികയാണ്. തേക്കടിയിൽ 120 പേർക്ക് ഇരിക്കാവുന്ന ഒരു ബോട്ട് നീറ്റിലിറക്കി. വേറൊന്ന് പണിനടന്നു വരുന്നു.<br>കെ.ടി.ഡി.സി.യുടെ ഹോട്ടലുകളുടെ വരുമാന വർദ്ധനവിനായി പാക്കേജ് ടൂറുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം സീസണിലും ഓഫ് സീസണിലും വെവ്വേറെ ടൂർ പാക്കേജുകളുണ്ട്. കുടുംബങ്ങളേയും കുട്ടികൾക്കുമായി ആകർഷകമായ പാക്കേജുകൾ വേനൽക്കാല അവധിക്കാലത്ത് നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ